

28-01-2022

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 28/01/2022

1. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

2. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

3. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, കൃഷിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ പ്രവർത്തിച്ചുവരുന്ന ഉപജ്ഞാതാക്കളുടെയും പുത്തൻ ആശയക്കാരുടെയും ഒരു സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഉപജ്ഞാതാക്കൾ, നൂതന ആശയങ്ങളിൽ പ്രവർത്തിക്കുന്നവർ മേൽവിലാസം, പ്രവർത്തനത്തിന്റെ വിവരണവും കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും

വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഫെബ്രുവരി 05-ന്** മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. റബ്ബർപാൽ വിൽക്കുന്ന കർഷകർക്ക് പാലിന്റെ ഉണക്ക റബ്ബർതൂക്കം കണ്ടുപിടിക്കുന്നതിന് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനായി റബ്ബർബോർഡ് അംഗീകാരമുള്ള ഡി.ആർ.സി. (ഡ്രൈ റബ്ബർ കണ്ടെന്റ്) നിർണ്ണയ പരിശോധനാശാലകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. അതിനായി സ്വകാര്യമേഖലയിൽ നിലവിലുള്ള പരിശോധനാശാലകൾക്കും പുതുതായി തുടങ്ങുന്നവയ്ക്കും റബ്ബർബോർഡ് അംഗീകാരം നൽകും. അംഗീകാരത്തിനായി അപേക്ഷ നൽകാൻ താൽപര്യമുള്ളവർക്ക് ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ബോർഡിന്റെ www.rubberboard.org.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

## പരിശീലന പരിപാടികൾ

6. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഫെബ്രുവരി 1,2,3** തീയതികളിലായി **ആധുനികവും ശാസ്ത്രീയവുമായ ആടുവളർത്തൽ** എന്ന വിഷയത്തിൽ, ഓൺലൈൻ മാധ്യമത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനം 40 പേർക്കു മാത്രമായി ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ താല്പര്യമുള്ളവർ **04936 220399, 9447421002** എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് ഈ മാസം 31-നു (31.01.2022) മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജനുവരി 28 ന്) രാവിലെ 11 മണി മുതൽ **തീറ്റപ്പുല്ലും കൃഷിരീതികളും** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് മുഖേന നടത്തുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481 – 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തിവരുന്ന,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന **തേനീച്ചപരിപാലന സർട്ടിഫിക്കറ്റ് കോഴ്സ്** ഈ വർഷവും തുടരുന്നതാണ്. തേനീച്ചവളർത്തലിന്റെ വിവിധഘട്ടങ്ങളിലെ കാലാനുസൃതമായ പരിപാലനമുറകളും പ്രായോഗികപരിശീലനവും ഉൾപെടുന്നതാണ് രണ്ടാഴ്ചയിൽ ഒരുദിവസം എന്ന കണക്കിൽ നടത്തുന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന ഈ പരിശീലനപരിപാടി. തേനീച്ചവളർത്തൽ പരിശീലകരായി ജോലി നേടുന്നതിനും റബ്ബർതോട്ടങ്ങളിൽ തേനീച്ചകളെ വളർത്തി അധികവരുമാനമുണ്ടാക്കുന്നതിനും ഈ കോഴ്സിലൂടെ ലഭിക്കുന്ന പ്രായോഗികപരിചയം സഹായിക്കും. കൂടുതൽ വിവരങ്ങൾക്കായി അതതു പ്രദേശത്തെ റബ്ബർബോർഡ് ഓഫീസിലോ, **0481-2353127, 7306464582** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

9. കുട്ടനാട്ടിൽ ഇലപ്പേനിനെതിരെ കർഷകർ വ്യാപകമായി കീടനാശിനി പ്രയോഗം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതും നെൽപ്പാടങ്ങളിൽ പ്രയോഗിക്കുവാൻ ശുപാർശയില്ലാത്ത കീടനാശിനികളാണ്. ഇവ തുടർച്ചയായി പ്രയോഗിക്കുന്നത് വലിയ രീതിയിലുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കിടയാക്കും. കൂടാതെ ഇപ്പോൾ നെൽപ്പാടങ്ങളിൽ സുലഭമായി കാണുന്ന മിത്രപ്രാണികളുടെ പൂർണ്ണനാശത്തിനും അതിനെ തുടർന്ന് തുടർച്ചയായ കീടനാശിനി പ്രയോഗങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിനും ഇതു കാരണമാകും. നീരൂറ്റികുടിക്കുന്ന കീടമാണ് ഇലപ്പേൻ. ഇത്തരം കീടങ്ങൾ വളരെ വേഗത്തിൽ കീടനാശിനികൾക്കെതിരെ പ്രതിരോധശേഷിയാർജ്ജിക്കും. കീടനാശിനികൾ തുടർച്ചയായി പ്രയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ ഇവയുടെ വംശവർദ്ധനവ് വളരെ വേഗത്തിലാവുകയും കൂടതലിടങ്ങളിലേക്ക് അതിവേഗം വ്യാപിക്കുകയും ചെയ്യും. അതുകൊണ്ട് കീടനാശിനിപ്രയോഗത്തിന് മുമ്പ് കർഷകർ സാങ്കേതിക ഉപദേശം തേടിയിരിക്കണം. ശുപാർശയില്ലാത്ത കീടനാശിനികൾ ഒരു കാരണവശാലും പ്രയോഗിക്കാൻ പാടുള്ളതല്ലെന്ന് മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.